പതിനാലാം കേരള നിയമസഭ

പതിനാറാം സമ്മേളനം

14.11.2019-ൽ മറുപടിക്ക്

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നം. 5002

## മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് സബ്സിഡി ഇനത്തിൽ മണ്ണെണ്ണ

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീമതി.ഷാനിമോൾ ഉസ്മാൻ<br>ശ്രീ.ടി.ജെ. വിനോദ്<br>,, എം. വിൻസെന്റ്<br>,, വി.എസ്.ശിവകുമാർ : | | ശ്രീമതി. ജെ.മേഴ്സിക്കുട്ടി അമ്മ<br>(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പ മന്ത്രി) |
| (എ) | മുൻ സർക്കാരിന്റെ കാലത്ത് സംസ്ഥാനത്തെ മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് ഫിഷറീസ് വകുപ്പ് വഴി സബ്സിഡി ഇനത്തിൽ മണ്ണെണ്ണ നൽകാൻ പദ്ധതി നടപ്പിലാക്കിയിരുന്നോ; വിശദാംശങ്ങൾ നൽകാമോ; | (എ) | നടപ്പിലാക്കിയിരുന്നു. മത്സ്യഫെഡ് വഴി മത്സ്യത്തൊഴിലാളികൾക്ക് തീരദേശ ജില്ലകളിൽ സ്ഥാപിച്ചിട്ടുള്ള മണ്ണെണ്ണ ബങ്കുകൾ വഴി 2015 ജൂലൈ മാസം മുതൽ വെള്ള മണ്ണെണ്ണ വിതരണം ചെയ്തു വരുന്നു. സബ്സിഡിയായി ലിറ്ററിന് 25/- രൂപ വീതം ഡി.ബി.റ്റി ആയി മത്സ്യത്തൊഴിലാളികളുടെ അക്കൗണ്ടിൽ നൽകുന്നു. 2015-16 ൽ 6371.552കിലോ ലിറ്റർ മണ്ണെണ്ണയാണ് വിതരണം നടത്തിയത്. ഇതിനായി 15.92 കോടി രൂപ ചെലവഴിച്ചു. |
| (ബി) | ഈ സർക്കാർ മണ്ണെണ്ണ സബ്സിഡി ഇനത്തിൽ മത്സ്യത്തൊഴിലാളികൾക്ക് ഭീമമായ കുടിശ്ശിക വരുത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ; പ്രസ്തുത സബ്സിഡി ഇനത്തിൽ കുടിശ്ശിക വരുത്താനുള്ള കാരണങ്ങൾ വ്യക്തമാക്കാമോ; | (ബി) & (സി) | കുടിശ്ശിക വരുത്തിയിട്ടില്ല. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ചുവടെ പറയുന്ന പ്രകാരം മണ്ണെണ്ണ വിതരണം ചെയ്തു വരുന്നു.<br><br>വർഷം / അളവ് (കിലോലിറ്ററിൽ) / തുക (കോടി രൂപയിൽ):<br>2016-17 / 13162.68 / 31.5<br>2017-18 / 20003.5 / 44.7<br>2018-19 / 15463.31 / 41.38<br><br>2019-20 ൽ ഇതിനകം ഏപ്രിൽ, മേയ്, ജൂൺ, ജൂലൈ മാസങ്ങളിലെ സബ്സിഡി തുകയായ 20.58 കോടി രൂപ വിതരണം ചെയ്ത് കഴിഞ്ഞു. ആഗസ്റ്റ്, സെപ്റ്റംബർ മാസത്തെ സബ്സിഡി തുക വിതരണം ചെയ്യുന്നതിനുള്ള നടപടി അവസാന ഘട്ടത്തിലാണ്. 2019-20 വർഷം ഈ ഇനത്തിൽ 56.25 കോടി രൂപ വകകൊള്ളിച്ചിട്ടുണ്ട്. |
| (സി) | പ്രസ്തുത പദ്ധതിയുടെ ഭാഗമായി സർക്കാർ വരുത്തിയ കുടിശ്ശിക സമയബന്ധിതമായി തീർപ്പാക്കാൻ നടപടികൾ സ്വീകരിക്കുമോയെന്ന് അറിയിക്കുമോ? | | |

സെക്ഷൻ ഓഫീസർ